# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3836 20/10/2016-ൽ മറുപടിയ്ക്ക്**

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.ബി.സത്യൻ: | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>ബി) ഇതിലേക്കായി മാർക്കറ്റുകൾ പരിഗണിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | എ) യും ബി) യും ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനീകവൽകരിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിലും മാർക്കറ്റുകളുടെ നിലവിലെ അവസ്ഥ പരിഗണിച്ചുമാണ് മാർക്കറ്റുകൾ തെരഞ്ഞെടുക്കുന്നത്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ മാനദണ്ഡങ്ങൾ അംഗീകരിക്കുകയും അതനുസരിച്ചുള്ള കരാർ ഒപ്പിടുകയും, മാർക്കറ്റ് നിർമ്മാണത്തിനായി സ്ഥലം വിട്ടുതരാൻ തയ്യാറാകുകയും, മാർക്കറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ഭാവി പരിപാലനം ഏറ്റെടുക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാർക്കറ്റുകളാണ് നവീകരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നത്. |
| സി) ഈ പദ്ധതിയിലുൾപ്പെടുത്തി ഓരോ മാർക്കറ്റിനും എത്ര തുക വരെ അനുവദിക്കാറുണ്ടെന്ന് വ്യക്തമാക്കാമോ; | സി) നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ മാനദണ്ഡ പ്രകാരം ഒരു സ്റ്റാളിന് 5 ലക്ഷം രൂപ വരെയാണ് അനുവദനീയമായിട്ടു ണ്ടായിരുന്നത്. പരമാവധി 50 സ്റ്റാളുകൾ വരെയുള്ള മാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിൽ നിന്നും 250 ലക്ഷം രൂപയ്ക്കു വരെ അനുമതി ലഭിച്ചിട്ടു ണ്ട്. അധികം തുക ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന പദ്ധതി വിഹിതം അതിലേക്കായി അനുവദിച്ചു വരുന്നു. |
| ഡി) ആറ്റിങ്ങൽ മണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ മാർക്കറ്റ്, വക്കം മാർക്കറ്റ് | ഡി) ആറ്റിങ്ങൽ മണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2014-15-ൽ ഒരു പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് |

| | |
|---|---|
| എന്നിവ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണത്തിനായി എൻ. എഫ്. ഡി. ബി-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ